

# അതിരപ്പിള്ളി പദ്ധതി ഉപേക്ഷിക്കുക

ഡോ. സി.എം. ജോയ്

പ്രകൃതിരമണീയവും ദൃശ്യമോഹനവുമായ അതിരപ്പിള്ളി വെള്ളച്ചാട്ടം ഒന്നു കണ്ടാൽ വീണ്ടും കാണണമെന്നുതോന്നും. അതുതന്നെയാണ് പ്രതിദിനം ആയിരക്കണക്കിന് വിനോദ സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നത്. ഇതിനുമുമ്പ് പെരിങ്ങൽക്കുത്തിലും ഇതുപോലൊരു വെള്ളച്ചാട്ടമുണ്ടായിരുന്നു. പദ്ധതി വന്നതോടെ അതുനിന്നു. ഇനിയിപ്പോൾ വാഴച്ചാലിലും അതിരപ്പിള്ളിയിലുമായി അവശേഷിക്കുന്ന വെള്ളച്ചാട്ടങ്ങളും അതിരപ്പിള്ളി പദ്ധതി വരുന്നതോടെ നിൽക്കും. ദൂരവ്യാപകമായ ഇക്കോളജീയ തകർച്ചയ്ക്ക് ഇടവരുത്തും.

കേരളത്തിൽ 955 മെഗാവാട്ട് സ്ഥാപിത ശേഷിയിൽ വൈദ്യുതി ഉൽപ്പാദനത്തിനായി ചെറുതും വലുതുമായ 38 അണക്കെട്ടുകളുണ്ട്. പശ്ചിമഘട്ട വനമേഖലയിലെ 31500 ഹെക്ടർ വനഭൂമി ഇതിനായി നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. ഇടുക്കി വനമേഖലയിലെ വനനാശംമൂലം അന്തരീക്ഷ ഊഷ്മാവ് ശരാശരിയേക്കാൾ 10ഡിഗ്രി വർദ്ധിച്ചതായി റിപ്പോർട്ടുകളുണ്ട്. പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി നഷ്ടപ്പെടുന്ന വനമേഖലയ്ക്കു പകരം വനം വച്ചുപിടിപ്പിക്കും എന്ന് വൈദ്യുതിബോർഡ് വാഗ്ദാനം നൽകുമെങ്കിലും അരനൂറ്റാണ്ടിലധികമായി ഇതുവരെ പുതിയ വനമേഖല സൃഷ്ടിക്കുന്നതിൽ വൈദ്യുതി ബോർഡോ, വനംവകുപ്പോ വിജയം കണ്ടിട്ടില്ല. വൃഷ്ടി പ്രദേശ വനമേഖയുടെ നാശം കാരണം കേരളത്തിലെ 41 നദികളിലും വേനൽക്കാല നീരൊഴുക്ക് നാമമാത്രമാണ്. കേരളം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും കാരണം ഇതുതന്നെയാണ്.

കേരളത്തിലെ ഒരു ജലവൈദ്യുത പദ്ധതിയും നാളിതുവരെ സ്ഥാപിതശേഷിയുടെ 50 ശതമാനം പോലും വൈദ്യുതി ഉൽപ്പാദനം നടത്തിയിട്ടില്ല. പ്രസരണനഷ്ടത്തിന് പുറമെയാണിത്. ഇടുക്കി പദ്ധതിയുടെ സ്ഥാപിതശേഷി 780 മെഗാവാട്ടും ലഭിക്കുന്ന വൈദ്യുതി 273.7 മെഗാവാട്ടുമാണ്. ഷോളയാറിന്റെ ശേഷി 54 മെഗാവാട്ടും ലഭിക്കുന്നത് 26.6 മെഗാവാട്ടും, പെരിങ്ങൽക്കുത്തിൽനിന്നും 19.6 മെഗാവാട്ട് ലഭിക്കുന്നുണ്ടെങ്കിലും ശേഷി 32 മെഗാവാട്ടാണ്. ഇടമലയാറിന്റെയും നേരിയമംഗലത്തിന്റെയും സ്ഥിതി വിഭിന്നമല്ല. പെരിയാറ്റിലെ ഇടമലയാറിലേയ്ക്ക് ചാലക്കുടിപ്പുഴയിൽനിന്ന് വൈദ്യുതി ഉൽപ്പാദനത്തിനായി തിരിച്ചുവിട്ടിട്ടുള്ള ജലം അതിരപ്പിള്ളി പദ്ധതി വരുമ്പോൾ നിൽക്കും. ഇടമലയാറിന്റെ ശേഷി ഇനിയും കുറയുമെന്നുസാരം. പദ്ധതി നടപ്പാക്കുമ്പോൾ ചാലക്കുടിപ്പുഴയിലെ വേനൽക്കാല നീരൊഴുക്ക് നിലനിർത്തുമെന്ന വൈദ്യുത ബോർഡിന്റെ വാദം പച്ചക്കള്ളമാണ്. അങ്ങനെ വേനൽക്കാല നീരൊഴുക്ക് നിലനിർത്തുവാൻ ആകുമായിരുന്നുവെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വേനൽക്കാലങ്ങളിൽ പെരിയാറ്റിൽ പാതാളത്തും മണ്ണുമ്മലിലും പുറപ്പിള്ളിക്കാവിലും രൂക്ഷമായ ഓരുവെള്ളക്കയറ്റം തടയുവാൻ ബണ്ടുകൾ നിർമ്മിക്കേണ്ടതില്ലല്ലോ. ഒരു നദിയിൽ ജലവൈദ്യുത പദ്ധതി വരുമ്പോൾ താഴോട്ടുള്ള ഒഴുക്ക് തടയും എന്നതിൽ തർക്കമില്ല. ഇടമലയാറിൽനിന്ന് ഭൂതത്താൻ കെട്ടുവരെയുള്ള കിലോമീറ്ററുകളോളം ദൂരം പെരിയാറിൽ വൈദ്യുതി ഉൽപ്പാദനത്തിന്റെ സമയത്ത് മാത്രമാണ് ശുഷ്കമായെങ്കിലും ജലം ഒഴുകുന്നത്. ഇടുക്കി ആർച്ചുഡാം വന്നതിനുശേഷം പെരിയാർ താഴോട്ട് കുറെയേറെ ദൂരം നദിയായി ഒഴുകുന്നില്ല. ഡാമിനുതാഴെ 600 മീറ്റർ വീതിയിൽ പെരിയാർ ഒഴുകിയിരുന്നു. സ്ഥലം ആളുകൾ കയ്യേറി കഴിഞ്ഞു. ഉദ്ദേശം 30 കി.മീറ്ററിലധികം ദൂരം കരിമ്പൻ വരെ പെരിയാർ ഒഴുകുന്നില്ലെന്നതാണ് സത്യം. ഇതൊക്കെ നമ്മുടെ അനുഭവങ്ങളാണ്. അതിനാൽ അതിരപ്പിള്ളി പദ്ധതി നടപ്പായാൽ അതിരപ്പിള്ളി-വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾ കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽനിന്നും എന്നന്നേയ്ക്കുമായി അപ്രത്യക്ഷപ്പെടും. പദ്ധതിമൂലം നശിക്കുന്ന ഇക്കോളജി സംരക്ഷണത്തിനായി വൈദ്യുതിബോർഡ് പ്രോജക്റ്റിൽ തരുന്ന ഒരു വാഗ്ദാനവും പിന്നീട് പാലിച്ചിട്ടില്ല.

അതിരപ്പിള്ളി പദ്ധതിയ്ക്കായി വിവിധ ഏജൻസികൾ നടത്തി എന്ന് അവകാശപ്പെടുന്ന പരിസ്ഥിതി ആഘാത പഠനറിപ്പോർട്ടുകൾ സാമാന്യബുദ്ധിക്ക് നിരക്കാത്തതാണ്. ഈ ജലവൈദ്യുത പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് മഴക്കാലത്തെ നീരൊഴുക്ക് കണക്കിലെടുത്ത് മാത്രമാണ്. കേരളത്തിലെ മിക്കവാറും ഡാമുകളും മഴക്കാലത്ത് സംഭരണശേഷി കഴിയുമ്പോൾ തുറന്നു വിടുകയാണ് പതിവ്. അതായത് മഴക്കാലത്തെ അധികജലം വേണ്ടവിധം ഉപയോഗിക്കാൻ ആകുന്നില്ലെന്ന് സാരം. വേനൽക്കാല നീരൊഴുക്ക് നിലനിർത്തണമെങ്കിൽ വൃഷ്ടിപ്രദേശ വനപ്രദേശം സംരക്ഷിക്കപ്പെടണം. എന്നാൽ നമ്മുടെ പദ്ധതികൾക്കായി വനമേഖല നശിപ്പിക്കുക മാത്രമാണ് നാളിതുവരെ ചെയ്തിട്ടുള്ളത്. നദികളിലെ ജലം വെറുതെ ഒഴുകി കായലിലും കടലിലും ചെന്നുചേർന്ന് പാഴായിപ്പോകുന്നുവെന്ന വാദം ശരിയല്ല. നദിയൊഴുകുന്ന സ്ഥലങ്ങളിൽ കുടിവെള്ളത്തിനും കൃഷിയ്ക്കും വനപ്രദേശത്തുനിന്നും കരയിൽനിന്നും മഴവെള്ളത്തിലൂടെ നദികളിലേയ്ക്ക് ഒലിച്ചിറങ്ങുന്ന ധാതുലവണങ്ങൾ കായലിലും കടലിലും ചെന്നു ചേരേണ്ടത് പ്രകൃതി നിയമമാണ്. കടലി



ലെയും കായലിലെയും സസ്യങ്ങളുടെ നിലനിൽപ്പിന് ഇത് അത്യന്താപേക്ഷിതമാണ്. കായലിലെ ഉപ്പുവെള്ളത്തിന്റെ തോത് കുറയ്ക്കുവാൻ നദികളിൽനിന്ന് വന്നു ചേരുന്ന ശുദ്ധ ജലത്തിന് ഗണ്യമായ പങ്കുണ്ട്. ഏതൊരു ജലവൈദ്യുത പദ്ധതിയാണെങ്കിലും വൈദ്യുതി ഉൽപ്പാദനത്തിന്റെ സമയത്ത് മാത്രമാണ് ജലം തുറന്നു വിടുകയുള്ളൂ. അത് നദിയുടെ താഴോട്ടുള്ള ഒഴുക്ക് പരിമിതപ്പെടുത്തും. കായൽ ആവാസ വ്യവസ്ഥയെ നിലനിർത്തുന്നത് നദികളിൽ നിന്നെത്തുന്ന ശുദ്ധജലമാണ്. ഇത് കായലിലെ മത്സ്യങ്ങളുടെ പ്രജനനത്തിനും മത്സ്യതൊഴിലാളികൾക്കും ഗുണം ചെയ്യുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ 4333 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ജലം ഉണ്ടെന്നും 1868 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നതെന്നുമുള്ള വാദം ശരിയല്ല. കേരളത്തിൽ ലഭ്യമായിട്ടുള്ള ജലം വിവിധ ആവശ്യങ്ങൾക്ക് ഇന്ന് ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയ്ക്കായി ഉപയോഗിച്ചാൽ മാത്രമേ ശരിയാകൂ എന്നൊന്നില്ല. ഭൂമിയിൽ ലഭ്യമായ ജലം മുഴുവൻ മനുഷ്യന്റെ നിയന്ത്രണത്തിൽ ഉപയോഗിക്കുവാൻ കഴിയുമായിരുന്നെങ്കിൽ ലോകത്തിൽ കുടിവെള്ളക്ഷാമം ഉണ്ടാകുമായിരുന്നില്ലല്ലോ.

ഇന്ത്യയിൽ പരിസ്ഥിതി ആഘാതപഠനം എന്ന പേരിൽ നടത്തുന്നത് പദ്ധതികൾ നടപ്പിലാക്കുവാനുള്ള കുറുക്കുവഴി മാത്രമാണ്. പദ്ധതികൾക്കായുള്ള ഏതൊരു പരിസ്ഥിതി ആഘാത പഠനവും 2 വർഷത്തിൽ കൂടുതൽ കാലമെങ്കിലും നടത്തപ്പെടണം. മഴയുടെ വർഷം മുഴുവനുമുള്ള വിതരണവും നദിയിലെ ഒഴുക്കും പദ്ധതിമൂലം നദിയുടെ മുകളിലും താഴെയും ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എന്നിവയും വിലയിരുത്തപ്പെടണം. പദ്ധതികൾ മൂലം ജൈവവൈവിദ്ധ്യത്തിനും ഇക്കോളജിയ്ക്കും സംഭവിക്കുന്ന നാശം കണക്കിലെടുക്കാതെ ആ നാശത്തിന്റെ പൂർണ്ണമായ തുക ഉൾപ്പെടുത്താതെ പഠനം പൂർത്തിയാകില്ല. നൂറുകണക്കിന് ജനുസ്സ് സസ്യലതാദികളും ജന്തുക്കളും പക്ഷികളും പദ്ധതി നടപ്പിലാകുമ്പോൾ ഇല്ലാതാകും. ഇതൊക്കെ മറച്ചുവെച്ച് ജലവൈദ്യുത പദ്ധതികളാണ് കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമെന്ന് കണക്കുക്കൂട്ടി പറയുന്ന ഇന്നത്തെ പരിസ്ഥിതി ആഘാതപഠനം ഒട്ടും വിശ്വാസയോഗ്യമല്ല. ചാലക്കുടിപ്പുഴയുടെ അതിരപ്പിള്ളി മേഖലയിൽ ആനകളും കടുവകളും നിത്യസന്ദർശകരാണെങ്കിലും പരിസ്ഥിതി ആഘാത പഠനം നടത്തിയ ശാസ്ത്രജ്ഞർക്ക് അവയെ കണ്ടെത്താനായില്ലത്രെ. അതിനാൽ പദ്ധതിമൂലം കടുവാസങ്കേതത്തിനോ ആനകളുടെ സഞ്ചാരപഥത്തിനോ തടസ്സമാവില്ലെന്ന് അവർ എഴുതിക്കൊടുത്തു. ഈ പ്രദേശത്തെ കുറിച്ച് അറിയാത്ത ഈ ശാസ്ത്രജ്ഞരുടെ ഈ പഠന റിപ്പോർട്ട് ഒട്ടും വിശ്വസനീയമല്ല.

കേരളത്തിൽ വിവിധ കാരണങ്ങളാൽ കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസം ഇനിയും വേണ്ട വിധത്തിൽ നടക്കാത്ത അവസ്ഥയിൽ ചാലക്കുടി അതിരപ്പിള്ളി പദ്ധതി പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസികളെ പുനരധിവസിപ്പിക്കും എന്നുപറയുന്നത് വിശ്വാസയോഗ്യമല്ല. പുനരധിവാസവും തൊഴിലും ഉറപ്പാക്കുമെന്ന റിപ്പോർട്ടിലെ പ്രഖ്യാപനം മറ്റൊരു കള്ളപ്രചരണമായേ കണക്കാക്കാനാകൂ. അതിരപ്പിള്ളി അണക്കെട്ടിനു താഴെ നദി കായലുമായി ചേരുന്നതുവരെയുള്ള ഇന്നത്തെ ഉപയോഗവും നീരൊഴുക്കിന്റെ ആവശ്യവും ഉപയോഗവും കണക്കിലെടുക്കാതെ നടത്തിയ പഠനങ്ങൾ ജനങ്ങളെ കബളിപ്പിക്കുവാൻ വേണ്ടിയാണ്. പദ്ധതി പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ് പെരുപ്പിച്ച് കാണിച്ചും പുഴയിലെ ഒഴുക്കിന്റെ കൃത്യമായ അളവ് കാണിക്കാതെയും പദ്ധതി ചിലവ് കുറച്ചുകാണിച്ചും വൈദ്യുതി ബോർഡ് ഇക്കാലമത്രയും സ്വീകരിച്ചുപോരുന്ന ചില ചതിപ്രയോഗങ്ങളാണ് ഇവിടെയും നടന്നിട്ടുള്ളത്. കേരളത്തിലെ ഒരു അണക്കെട്ടിലും വേനൽക്കാലത്ത് സംഭരണ ശേഷിയുടെ പകുതിപോലും ജലം നാളിതുവരെ ഉണ്ടായിട്ടില്ലെന്നതുതന്നെ ഈ പൊള്ളത്തരത്തിന് തെളിവാണ്. ഏഷ്യയിലെ ഏറ്റവും വലിയ ആർച്ച് ഡാമും ജലവൈദ്യുത പദ്ധതിയുമാണെന്നും വൈദ്യുതി ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേയ്ക്കാണെന്നും കൊട്ടിഘോഷിച്ച് 1974-ൽ കമ്മീഷൻ ചെയ്ത ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ പരാജയം കണ്ട് നാം പാഠം പഠിയ്ക്കേണ്ടതാണ്. നിലവിലുള്ള പദ്ധതികളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും, ഉൽപ്പാദനം കൂട്ടുകയും പ്രസരണ നഷ്ടം കുറയ്ക്കുകയും ചെയ്യാതെ കേരളത്തിൽ ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നത് ജനവിരുദ്ധ നയമാണ്. അതിരപ്പിള്ളി പദ്ധതിക്കെതിരായി 6-2-2001ൽ നടത്തിയ പബ്ലിക് ഹിയറിംഗിൽ തന്നെ പദ്ധതിക്കെതിരായ ജനരോഷം കണ്ടതാണ്. പദ്ധതിക്കെതിരെ പരിസ്ഥിതി മന്ത്രാലയവും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി നിലനിർത്തുവാനും ജനങ്ങളുടെ കുടിവെള്ളം മുട്ടിക്കാതിരിക്കുവാനുമായി പ്രതികരിക്കുക, പദ്ധതിക്കെതിരെ അണിചേരുക.

റീഡർ, സസ്യശാസ്ത്ര വിഭാഗം,
എസ്.എച്ച്. കോളേജ്, തേവര, കൊച്ചി

nature in
packet & bottle



പ്രകൃതിദത്തമായ രുചിയോടെ കേരൾ ഉല്പന്നങ്ങൾ

കേരൾ പ്രകൃതിദത്ത വിനാഗിരി, ഹെൽത്ത് മിക്സ്, റാഗി പൗഡർ,......

Keral

M/s. Green Indus Group
8/312-A, Mathilakam, Thrissur, Kerala, S.India
Tel : +91 480 : 2850113 (Off), 3290763,
+91 480 : 2851174, Fax : +91 480 2847817 (Keral)
E-mail : keralgr@sify.com